മായി ഉപയോഗിക്കുവാനായി ഇവ വഹിച്ചുകൊണ്ടുപോകുവാൻ വാഹനങ്ങളും അതോടൊപ്പം പുക പരിശോധന തുടർച്ചയായി നടത്തുവാൻ കർശനമായ നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

(ബി) 15.2.96-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 48/96/പി.ഡബ്ല്യു. ആന്റ് ടി. യിൽ പുകമലിനീകരണ പരിശോധന കേന്ദ്രങ്ങൾക്ക് ലൈസൻസുകൾ നൽകുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ ഇത്തരം കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം അതാത് ജില്ലാ ആർ.ടി.ഒ.മാരിൽ നിക്ഷിപ്തമാണ്. പെട്രോൾ വാഹനങ്ങളുടെ പുക പരിശോധിക്കുവാൻ ഒരു ഗ്യാസ് അനലൈസറും ഡീസൽ വാഹനങ്ങളുടെ പുക പരിശോധിക്കുവാൻ ഒരു സ്മോക്ക് മീറ്ററും ഓരോ കേന്ദ്രത്തിലും ഉണ്ടായിരിക്കേണ്ടതാണ്. പുകപരിശോധന നടത്തുന്ന ആളിന് എസ്.എസ്.എൽ.സി.യും സാങ്കേതിക വിദ്യാഭ്യാസയോഗ്യതയും ഉണ്ടായിരിക്കണം. കൂടാതെ പരിശോധനാ കേന്ദ്രത്തിന് ആവശ്യമായ പാർക്കിംഗ് സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്. പതിനയ്യായിരം വാഹനങ്ങൾക്ക് ഒരു പുക പരിശോധന കേന്ദ്രം എന്ന അനുപാതമാണ് തുടരുന്നത്.

(സി) ഉണ്ട്.

(ഡി) ഇത്തരം ഏജൻസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുവാനും ക്യാൻസൽ ചെയ്യുവാനുമുള്ള നിയമം നിലവിലുണ്ട്.

80 (2640) കായംകുളം കെ.സി.ടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടാർ വ്യവസായ സഹകരണ സംഘമായ കായംകുളത്തെ കെ.സി.ടി. മാനേജ്മെന്റ് സമർപ്പിച്ചിട്ടുള്ള റൂട്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ പ്രശ്നത്തിൽ സ്വീകരിച്ച മേൽനടപടികൾ വ്യക്തമാക്കുമോ;

(സി) മോട്ടോർ സഹകരണ സംഘങ്ങൾക്ക് ദോഷം വരുംവിധം കേന്ദ്രം പാസാക്കിയ മോട്ടോർ വെഹിക്കിൾ നിയമത്തിൽ സംസ്ഥാനത്തെ മോട്ടോർ സഹകരണ സംഘങ്ങൾക്ക് അനുകൂലമായ ഭേദഗതി വരുത്താൻ നടപടി ആയോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ)&(ബി) അന്വേഷിച്ച് അറിയിക്കുന്നതാണ്.

(സി) നടപടി ഒന്നും ആയിട്ടില്ല. ഈ കാര്യത്തിൽ കേരളത്തിൽ നിയമ ഭേദഗതി വരുത്തുവാൻ പറ്റുമോയെന്ന് പരിശോധിച്ചുവരുകയാണ്.

81 (2641) താൽക്കാലിക ജീവനക്കാരുടെ പുനർനിയമനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-94 കാലഘട്ടത്തിൽ റോളിൽ ഉണ്ടായിരിക്കുകയും അതിനു ശേഷം പിരിച്ചുവിടുകയും ചെയ്ത എംപ്ലോയ്മെന്റ്വഴി നിയമനം ലഭിച്ച

LIBRARY ARCHIVES Kerala Legislative Assembly

കണ്ടക്ടർമാരിലും എമ്പാനൽ കണ്ടക്ടർമാരിലും ജോലിചെയ്ത ശേഷം ഇപ്പോൾ ജോലിയില്ലാതെ നിൽക്കുന്ന എല്ലാവരെയും താൽക്കാലികമായി ഡ്യൂട്ടിക്ക് പുനർനിയോഗിക്കുവാൻ കെ.എസ്.ആർ.ടി.സി. യൂണിറ്റ് ഓഫീസർമാർക്ക് എന്നാണ് നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം തിരുവനന്തപുരം എറണാകുളം യൂണിറ്റ് ഓഫീസുകളിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശപ്രകാരം ഈ യൂണിറ്റ് ഓഫീസുകളിൽ ഇതുവരെ മുകളിൽ പറഞ്ഞ ഗണത്തിൽപ്പെട്ട എത്രപേർക്ക് പുനർനിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ.ടി.സി. യൂണിറ്റ് ഓഫീസർമാർ മുമ്പാകെ ഡ്യൂട്ടിക്ക് ഹാജരാകുന്നവർക്ക് ഉടനടി നിയമനം നൽകുവാൻ ഉത്തരവ് കൊടുക്കുമോ;

(ഇ) ഇപ്പോൾ യൂണിറ്റ് ഓഫീസർമാർക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 1993-94 കാലഘട്ടത്തിൽ റോളിൽ ഉണ്ടായിരിക്കുകയും അതിനു ശേഷം പിരിച്ചുവിടുകയും ചെയ്ത എംപ്ലോയ്മെന്റ് വഴി ജോലിക്കുനിയോഗിക്കപ്പെട്ട താത്ക്കാലിക കണ്ടക്ടർമാരെ ജോലിക്കു പുനർനിയോഗിക്കാനുള്ള നിർദ്ദേശം യൂണിറ്റാഫീസർമാർക്ക് നൽകിയത് 19-5-99-ൽ ആണ്. പുനർനിയോഗത്തിനായി കോടതി പരിഗണിക്കണമെന്നു നിർദ്ദേശിച്ച എമ്പാനൽ കണ്ടക്ടർമാരെ സംബന്ധിക്കുന്ന ഇത്തരം നിർദ്ദേശം 25-5-99 ലാണ് നൽകിയത്. ഇപ്പോൾ ജോലിയിൽനിന്നു വിട്ടുനിൽക്കുന്നതും സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി വാങ്ങിയിട്ടില്ലാത്തതും ശിക്ഷണനടപടികൾ പെൻഡിംഗിലില്ലാത്തതുമായ എല്ലാ എമ്പാനൽ കണ്ടക്ടർമാരേയും ഡ്രൈവർമാരേയും വീണ്ടും താൽക്കാലികമായി ജോലിക്കു നിയോഗിക്കാനുള്ള നിർദ്ദേശം യൂണിറ്റാഫീസർമാർക്ക് നൽകിയത് 2-7-99-ലാണ്.

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ യഥാക്രമം 20-5-99, 26-5-99, 7-7-99 എന്നീ ദിവസങ്ങളിൽ ടി യൂണിറ്റുകളിൽ ലഭിക്കത്തക്കവിധമാണ് നൽകിയിട്ടുള്ളത്.

(സി) തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽ ഏഴുപേരെ ഇത്തരത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. എറണാകുളം യൂണിറ്റിൽ ഇതുവരെ ആരേയും പ്രവേശിപ്പിച്ചിട്ടില്ല.

(ഡി) യഥാവിധിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകൾ ഉണ്ടാകുന്നതനുസരിച്ച് അവരെ ഡ്യൂട്ടിക്കു പുനർനിയോഗിക്കാനുള്ള നിർദ്ദേശം തന്നെയാണ് യൂണിറ്റാഫീസർമാർക്ക് നൽകിയിട്ടുള്ളത്.

(ഇ) നിർദ്ദേശങ്ങളുടെ കോപ്പികൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.[+]

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly